അല്ലെങ്കിൽ ഭിന്നറിപ്പോർട്ടുകളോ പുറപ്പെടുവിക്കയും ചെയ്യുന്നതിന്ന വേണ്ടി ഇതിന്റെ സംയോജകന്മാരോ മററു ചുമതലപ്പെട്ടവരിലാരെങ്കിലുമോ ഉത്സാഹിക്കയുണ്ടായിട്ടില്ല. സുറിയാനിസമുദായത്തിലെ ഏതു സംരംഭങ്ങളേയും കുഴപ്പത്തിലാക്കുന്ന പല സമ്പ്രദായങ്ങളിൽ ഒന്നാണ് ഇതു്. ഏതായാലും ഞങ്ങളേ സംബന്ധിച്ചടത്തോളം, സഭയാൽ ഭരമേല്പിക്കപ്പെട്ട സംഗതി യഥാശക്തി നിവ്വഹിക്കതന്നേ ചെയ്യണമെന്നു കരുതി ഈ ചട്ടങ്ങൾ എഴുതിയുണ്ടാക്കുകയും ഇതിന്റെ പ്രതികൾ മററംഗങ്ങളുടെ പേക്കു് അയച്ചുകൊടുക്കയും ഇപ്പോൾ സഭാംഗങ്ങളുടെ പൊതുവായ അറിവിന്ന് വേണ്ടി പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാകുന്നു. അസോസേഷ്യന്റെ പ്രസിഡന്റിനും സെക്രട്ടറിയ്ക്കും ഇതിന്റെ പ്രതികൾ ഞങ്ങൾ ഒപ്പിട്ടയച്ചിട്ടുണ്ടു്.

മലങ്കര സുറിയാനി സഭാഭരണ ഘടന.

അദ്ധ്യായം. ൧.

പ്രാരംഭം.

൧. മലങ്കര സുറിയാനിസഭ വിശുദ്ധ തോമാശ്ലീഹാ സ്ഥാപിച്ചിട്ടുള്ളതാണു്.

൨. മലങ്കര സഭാഭരണത്തിന്റെ അടിസ്ഥാനം കൊല്ലവഷം ൧൦൫൧—ൽ മുളന്തുരുത്തിയിൽ കൂടിയ സുന്നഹദോസ്സ് നിയമങ്ങളാൽ സ്ഥിരപ്പെടുത്തപ്പെട്ടിട്ടുള്ള പ്രമാണമാണു്. സഭാഭരണനിയമം ഈ മഹൽ പ്രമാണത്തിൽ അടങ്ങിയിരിക്കുന്ന തിരഞ്ഞെടുപ്പു്, ഇടവക യോഗപ്രാതിനിധ്യം, ഈ രണ്ടു തത്വങ്ങളെ സർവ്വപ്രധാനമായി ഗണിച്ചു് ചമയ്ക്കപ്പെട്ടിരിക്കുന്നു.

൩. ഈ ഘടനയിൽ അടങ്ങിയിരിക്കുന്ന നിയമങ്ങൾ ഉടൻ തന്നെ ഊജ്ജിതത്തിൽ വരുന്നതാണു്.

൪. ഇതിലെ നിബന്ധനകളോടു ചേർച്ചയില്ലാത്തതും ആനുകൂല്യം ഇല്ലാത്തതുമായി സഭയിലും ഇടവകകളിലും ഉള്ള സകല ഉടമ്പടികളും, നടപ്പുകളും നിയമശക്തിയുള്ള സകല പ്രമാണങ്ങളും സ്ഥാപനകളും, ഉദ്യോഗങ്ങളും ഇതിനാൽ ദുർബലപ്പെടുത്തി റദ്ദാക്കപ്പെട്ടിരിക്കുന്നു.

അദ്ധ്യായം. ൨.

പൊതു നിയമങ്ങൾ.

൫. സഭയുടെ എല്ലാ ഭരണ സ്ഥാപനങ്ങളിലേയും അംഗത്വം ഒരു പുരോഹിതൻ (പട്ടക്കാരും മേൽപട്ടക്കാരും) രണ്ടു അയ്മേനികൾ (വിശ്വാസികൾ) എന്ന കണക്കിൽ ആയിരിക്കണം.

൬. സഭാസംബന്ധമായ സകല കാര്യങ്ങളിലും പരമാധികാരം മുളന്തുരുത്തി സുന്നഹദോസ്സിനാൽ സ്ഥാപിയ്ക്കപ്പെട്ടിരിക്കുന്ന മലങ്കര സുന്നഹദോസ്സിലും അതിന്ന കീഴായി സുന്നഹദോസ്സ് നിയമിക്കുന്ന മലങ്കര പൊതുക്കമ്മററിയിലും സ്ഥിതി ചെയ്യുന്നു.

൭. ഇരുപത്തൊന്നു വയസ്സ് തികഞ്ഞവരും ആണ്ടുതോറും കുർബ്ബാന ക്രമമായി കൈക്കൊള്ളുന്നവരും ഇടവക രജിസ്റ്ററിൽ പേരുണ്ടായിരിക്കയും യോഗത്താൽ അയോഗ്യരെന്നു വിധിയ്ക്കപ്പെടാതിരിക്കയും ൧൩-ാം വകുപ്പിൻപ്രകാരം വരമനം കൊടുക്കുകയും ചെയ്യുന്നവരും സഭാഭരണസ്ഥാപനങ്ങളിൽ അംഗത്വത്തിന്ന് അർഹന്മാരാകുന്നു.

൮. ഒരുസ്ഥാപനം എത്രകാലത്തേയ്ക്കെന്നു് ക്ലിപ്തമുള്ളതാണു്. എങ്കിലും ആ സ്ഥാപനത്തിന്ന് അടുത്ത സ്ഥാപനം നിമ്മിതമാകുന്നതുവരെ വ്യാപരിയ്ക്കാവുന്നതാണു്.

൯. ഓരോ സ്ഥാപനത്തിന്റേയും അംഗങ്ങൾ തിരിഞ്ഞെടുക്കപ്പെട്ടതിനുശേഷം ആദ്യമായി ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിന്ന മുമ്പായി ഭരണഘടനാഭക്തിപ്രതിജ്ഞ ചെയ്യേണ്ടതാണു്.

൧൦. ഏതെങ്കിലും കമ്മിററിയിലെ അംഗങ്ങൾ തുടരെ മൂന്നുയോഗങ്ങളിൽ തക്കതായ കാരണം കൂടാതെ ഹാജരാകാതെ ഇരുന്നാൽ അവരുടെ അംഗത്വം നശിച്ചു പോകുന്നതാണ്. തക്കതായകാരണം ആണോ എന്നു് തീർച്ചപ്പെടുത്തുന്നതിനുള്ള അധികാരം കമ്മററിയ്ക്കാണ്.

ധർമ്മ സ്ഥാപനങ്ങൾ.

൧൧. മലങ്കര സഭാംഗങ്ങളുടെ വിദ്യാഭ്യാസം നടത്തുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളും മററു ധർമ്മസ്ഥാപനങ്ങളും നയിക്കുന്നതിനും മലങ്കര പൊതുകമ്മററിയാൽ നിയമിക്കപ്പെടുന്ന ഒരു കൗൺസിൽ ഉണ്ടായിരിക്കേണ്ടതാണു.

രജിസ്ററുകൾ.

൧൨. സഭയിലുള്ള ഓരോ ഇടവകയിലും, മാമോദീസാ രജിസ്റ്റർ, വിവാഹ രജിസ്റ്റർ, മരണ രജിസ്റ്റർ, ഇടവക രജിസ്റ്റർ, സമ്മതിദായക രജിസ്റ്റർ, എന്നിവ നിയമപ്രകാരമുള്ള ഫാറങ്ങളിൽ ക്രമമായും കൃത്യമായും സൂക്ഷിക്കേണ്ടതാണ്.

൧൩. ഈ നിയമങ്ങളാൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ഓരോ ഭരണക്കമ്മററിയിലും ൨൧ വയസ്സിൽ കൂടുതൽ പ്രായമുള്ള ആരും അംഗങ്ങളായിരിക്കാൻ പാടില്ല.

൧൪. ഈ നിയമത്താൽ നിർവചിക്കപ്പെട്ടിരിക്കുന്ന ഇടവക പൊതുയോഗം, ഇടവക കമ്മററി, മെത്രാസന സുന്നഹദോസ്, മെത്രാസനകമ്മററി, മലങ്കരസുന്നഹദോസ്, മലങ്കര കമ്മററി, മലങ്കരനിർവഹണസമിതി എന്നീ സ്ഥാപനകളുടെ യോഗങ്ങൾ നിശ്ചിതകാലങ്ങളിൽ വിളിച്ചുകൂട്ടേണ്ടതു് അതാതിന്റെ സിക്രട്ടറിയുടെ ചുമതലയാണ്. സിക്രട്ടറി അപ്രകാരം ചെയ്യാതെ ഇരുന്നാൽ ഓരോ സ്ഥാപനകളിലും ബന്ധിക്കപ്പെട്ടിരിക്കുന്ന ഇതരസ്ഥാനികൾക്കൊ അംഗങ്ങളുടെ നിശ്ചിതഭാഗത്തിനോ ആ വിവരം പറഞ്ഞു് ക്ലിപ്തകാലാവധിവെച്ചു നോട്ടീസു കൊടുത്തു യോഗം കൂട്ടാവുന്നതാണ്.

15. ഏതെങ്കിലും ഒരുസ്ഥാപനത്തിലെ അംഗത്തിന്റെ സ്ഥാനത്തിന് ഒഴിവു വന്നാൽ കൗൺസിലെ വ്യവസ്ഥഅനുസരിച്ച് പ്രവർത്തിച്ചുകൊള്ളണം.

സഭാവരുമാനം.

16. ഓരോ ഇടവകാംഗവും സഭയുടെ പൊതു ആവശ്യത്തിലേക്കു പ്രതിമാസം മൂന്നു പൈസയിൽ (൬ കാശു) കുറയാതെ ഒരു സംഖ്യ കൊടുക്കേണ്ടതാകുന്നു. മേൽപ്രകാരമുള്ള വരുമാനം കൊടുക്കാത്ത അംഗങ്ങളുടെ പേരുകൾ സമ്മതിദായകരജിസ്റ്ററിൽ നിന്ന് അപ്പഴപ്പോൾ നീക്കേണ്ടതാണ്.

17. മററു പൊതുവരുമാനങ്ങൾക്കു പുറമെ ഈ വരുമാനത്തിൽ പകുതി മെത്രാസന ഇടവക കമ്മററിയിലേക്കും ബാക്കി മലങ്കര നിർവഹണസമിതിയിലേക്കും കൊല്ലത്തിൽ നാലു പ്രാവശ്യം അയച്ചുകൊടുക്കേണ്ടതാണു്.

നിയമലംഘനം.

18. നിയമങ്ങൾക്കും അവയിൽ അടങ്ങിയിരിക്കുന്നതത്വങ്ങൾക്കും വിപരീതമായി സഭാസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവരേയും അങ്ങനെ പ്രവർത്തിക്കുന്ന സ്ഥാനികളേയും സഭാസ്ഥാപനങ്ങളിൽ നിന്നും അവരവരുടെ സ്ഥാനങ്ങളിൽ നിന്നും ഭ്രഷ്ടാക്കേണ്ടതാണ്.

19. നിയമലംഘനം, ഭരണലംഘനം, സഭയിലെ സ്ഥാപനങ്ങളേയും ഉദ്യോഗങ്ങളേയും മലിനപ്പെടുത്തുന്ന അധർമ്മനടപടികൾ, വിശ്വാസവിപരീതം, മതപരിവർത്തനശ്രമം എന്നീ കുററങ്ങൾ ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെയൊ സ്ഥാനികളെയോ മലങ്കര പൊതുകമ്മററി മുമ്പാകെ പരസ്യമായി കുററപ്പെടുത്തുവാൻ മലങ്കരസഭാംഗങ്ങൾക്കു അവകാശമുള്ളതാകുന്നു.

20. പട്ടത്വനിയമങ്ങളെയൊ ഉപചട്ടങ്ങളെയൊ ലംഘിച്ചു പട്ടം കൊടുക്കുന്ന മേൽപട്ടക്കാരേയും പട്ടം സ്വീകരിക്കുന്നവരേയും ക്ലിപ്തകാലത്തേക്കു മുടക്കേണ്ടതാണ്.

ഉപചട്ടങ്ങളും നിയമവ്യാഖ്യാനവും ഭേദഗതിയും.

21. ഈ നിയമത്തിന്റെ നടത്തിപ്പിനു ആവശ്യമായ ഉപചട്ടങ്ങൾ ഉണ്ടാക്കുന്നതിനും അവയെ ഭേദപ്പെടുത്തുന്നതിനും ഉള്ള അധികാരം മലങ്കര പൊതുകമ്മറ്റിക്കായിരിക്കുന്നതാണ്. ഉപചട്ടങ്ങളുടേയോ നിയമങ്ങളുടെയോ വ്യാഖ്യാനത്തെ സംബന്ധിച്ച് എന്തെങ്കിലും സംശയം നേരിട്ടാൽ അതിന്മേൽ മലങ്കര പൊതുകമ്മറ്റിയുടെ അഭിപ്രായം അവസാനത്തേതായിരിക്കുന്നതാണ്.

22. ഈ നിയമത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നതു നോട്ടീസനുസരിച്ച് അതിനായി കൂടുന്ന മലങ്കര സുന്നഹദോസിന്റെ യോഗത്തിൽ ഹാജരുള്ള അംഗങ്ങളിൽ എഴുപത്തഞ്ചു ശതമാനത്തിന്റെ അഭിപ്രായം അനുസരിച്ചു വേണ്ടതാണ്.

ബഡ്ജറ്റുകളും കണക്കുകളും.

23. ഇടവകപള്ളി, മെത്രാസന ഇടവക, മലങ്കര സഭ, ധർമ്മസ്ഥാപനങ്ങൾ ഇവയുടെ ബഡ്ജറ്റ് യഥാക്രമം ഇടവക പൊതുയോഗം, മെത്രാസന സുന്നഹദോസ്, മലങ്കര പൊതുകമ്മറ്റി, ധർമ്മസ്ഥാപന കമ്മറ്റികൾ എന്നീ സ്ഥാപനങ്ങൾ ആണ്ടുതോറും പാസ്സാക്കേണ്ടതാണ്.

24. ഇടവക പള്ളികൾ, മെത്രാസന ഇടവകകൾ, മലങ്കര പൊതുകമ്മറ്റി, ധർമ്മസ്ഥാപനങ്ങൾ ഇവയുടെ ആണ്ടുതിട്ടകൾ അന്യോന്യം സമർപ്പിക്കേണ്ടതാണ്.

അദ്ധ്യായം ൩.

ഇടവക.

(ക) പൊതുയോഗം.

25. ഏഴാം വകുപ്പിൽ പറയുന്ന യോഗ്യതയുള്ളവർ ഓരോ ഇടവക പൊതുയോഗത്തിൽ അംഗങ്ങൾ ആയിരിക്കും.

26. ഇടവക സിക്രട്ടറി ആണ്ടിൽ രണ്ടുപ്രാവശ്യം എങ്കിലും പൊതുയോഗം വിളിച്ചു കൂട്ടേണ്ടതാണ്.

27. മലങ്കര സുന്നഹദോസിന്റെയും മെത്രാസന ഇടവക സുന്നഹദോസിന്റെയും അധികാരത്തിലുള്ളവ ഒഴിച്ച് ഇടവകയെ മാത്രം സംബന്ധിക്കുന്ന സകല സംഗതികളും നടത്തുന്നതിന് ഇടവക പൊതുയോഗത്തിന് അധികാരമുണ്ട്.

(ഖ) ഇടവകക്കമ്മറ്റി.

28. ഇടവക പൊതുയോഗത്തിനുവേണ്ടി അതിന്റെ ആജ്ഞാനുസരണം അതിനു കീഴായി ഭരണം നടത്തുന്നതിനു ആ യോഗത്തിൽ ആണ്ടുതോറും തിരഞ്ഞെടുത്തു നിയമിക്കപ്പെടുന്ന ഒരു കമ്മറ്റി ഉണ്ടായിരിക്കണം.

29. ഇടവക കമ്മറ്റിയിൽ വികാരി ഉൾപ്പെടെ ഏഴിൽ കുറയാതെയും പന്ത്രണ്ടിൽ കവിയാതെയും അംഗങ്ങൾ ഉണ്ടായിരിക്കണം.

30. കമ്മറ്റി സിക്രട്ടറി സാധാരണയായി കമ്മറ്റിയുടെ നിയോജകനായിരിക്കണം.

(ഗ) വികാരി.

31. വികാരിയെ നിയമിക്കുകയും നീക്കുകയും ചെയ്യുന്നത് ഇടവക പൊതുയോഗ നിശ്ചയപ്രകാരം മെത്രാസന ഇടവക കമ്മറ്റി ആയിരിക്കണം.

32. വികാരി സാധാരണയായി ഇടവക പൊതുയോഗത്തിന്റെയും ഇടവക കമ്മറ്റിയുടെയും പ്രസിഡണ്ടായിരിക്കുന്നതാണ്.

33. വികാരിയുടെ ഉദ്യോഗം ക്ലിപ്തകാലത്തേക്കായിരിക്കും.

(ഘ) ഖജാൻജി.

34. ഇടവകക്കമ്മറ്റി അംഗങ്ങളിൽ ഒരാളെ ഖജാൻജി ആയി വർഷംതോറും ഇടവക പൊതുയോഗം നിയമിക്കേണ്ടതാണ്.

35. ഖജാൻജി പള്ളിവക സകല മുതലുകളും ഭണ്ഡാരങ്ങളും എട്ടാം വകുപ്പ് അനുസരിച്ച് വരവുചിലവ് കണക്കുകൾ ശരിയായി സൂക്ഷിക്കേണ്ടതും മൂന്നു മാസം കഴിയുമ്പോൾ കമ്മറ്റിയെ കണക്കുകൾ കേൾപ്പിച്ച് പാസ്സാക്കേണ്ടതും ആണ്ടവസാനത്തിൽ കമ്മറ്റിക്കാർ കണക്കുകൾ ഇടവക യോഗത്തെ ബോദ്ധ്യപ്പെടുത്തി പാസ്സാക്കേണ്ടതും ആണ്.

ഡി. സിക്രട്ടറി

36. കമ്മറ്റി അംഗങ്ങളിൽ ഒരാളെ ഇടവക പൊതുയോഗം സിക്രട്ടറിയായി നിയമിക്കണം. സിക്രട്ടറിയുടെ ഉദ്യോഗകാലം കമ്മറ്റിയുടേതിനോടുകൂടി അവസാനിക്കുന്നതാണ്.

37. ഇടവക സംബന്ധിച്ചുള്ള എഴുത്തുകുത്തുകൾ നടത്തേണ്ടതും ൧൭-ാം വകുപ്പിൽ വിവരിക്കുന്ന രജിസ്റ്ററുകളും ഇടവക യോഗത്തിന്റെയും കമ്മറ്റിയുടെയും നടപടികളും നിശ്ചയങ്ങളും എഴുതി സൂക്ഷിക്കേണ്ടതും വർഷാന്ത്യതിരട്ടു മെത്രാസന ഇടവക കമ്മറ്റിയിലേക്കും മലങ്കര കമ്മറ്റിയിലേക്കും അയക്കേണ്ടതും സിക്രട്ടറിയുടെ ചുമതലയിൽപ്പെട്ടതാണ്.

അദ്ധ്യായം ൪.

എ. മെത്രാസന ഇടവക.

38. മലങ്കരസഭാഭരണകാര്യങ്ങൾക്കായി ജനസംഖ്യ, പള്ളികളുടെ എണ്ണം, കിടപ്പ്, (Geographical), മുതലായവ ഗണിച്ച് കേരളത്തിലെ പള്ളി ഇടവകകളെ ഏഴ് മെത്രാസന ഇടവകകളായി വിഭജിക്കുകയും കേരളത്തിന് പുറത്തുള്ള, ബ്രഹ്മവാർ, കോയമ്പത്തൂർ, സിലോൺ, മദ്രാസ്, മുതലായ ഇടവകകളെ ഒരു പ്രത്യേക മെത്രാസന ഇടവകയായി ഗണിക്കയും ചെയ്യുന്നതാണ്.

39. ഭരണകാര്യത്തിനായി ആയിരം അംഗങ്ങൾ ഉൾപ്പെട്ട ഓരോ പള്ളിയും ഓരോ ഇടവകയായി ഗണിക്കപ്പെടേണ്ടതാണ്. എന്നാൽ അത്രയും അംഗങ്ങൾ ഇല്ലാത്ത പള്ളികൾ

ഓരോ ഗ്രൂപ്പായി തിരിഞ്ഞ് ൫-ാം വകുപ്പിലെ വ്യവസ്ഥ അനുസരിച്ച് ആയിരം അംഗങ്ങൾക്കു മൂന്നു പ്രതിനിധികളെ വീതം തിരഞ്ഞെടുക്കേണ്ടതാണ്.

ബി. മെത്രാസന സുന്നഹദോസ്.

40. മെത്രാസന ഇടവകയിൽപ്പെട്ട ഓരോ ഇടവകയിൽനിന്നും ഇടവക യോഗത്താൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു പട്ടക്കാരനും രണ്ട് അയ്മേനികളും മെത്രാസന സുന്നഹദോസിൽ അംഗങ്ങളായിരിക്കുന്നതാണ്.

41. മെത്രാസന ഇടവകയിൽ ഉൾപ്പെട്ട ധർമ്മസ്ഥാപനങ്ങളിൽ മെത്രാസന ഇടവക സുന്നഹദോസിനാൽ വോട്ടധികാരം നൽകപ്പെട്ടിട്ടുള്ളവയും ൫-ാം വകുപ്പ് അനുസരിച്ച് ഇടവകകളുടെ പ്രതിനിധികളുടെ എണ്ണത്തിന്റെ പത്തിലൊന്നിൽ കൂടാതെയുള്ള പ്രതിനിധികളെ കൊടുക്കാം.

42. മെത്രാസന സുന്നഹദോസിന്റെ കാലാവധി മൂന്നു വർഷമായിരിക്കും.

43. മെത്രാസന സുന്നഹദോസ് സിക്രട്ടറി ടി സുന്നഹദോസ് സാധാരണയായി ആണ്ടിൽ രണ്ടു പ്രാവശ്യം വിളിച്ചുകൂട്ടേണ്ടതാണ്.

സി. മെത്രാസന കമ്മറ്റി

44. മെത്രാസന ഇടവകയുടെ വേണ്ടി മെത്രാസന സുന്നഹദോസിന്റെ കീഴായി അതിന്റെ ആജ്ഞ അനുസരിച്ചു ഭരണം നടത്തുന്നതിന് ടി സുന്നഹദോസിനാൽ തിരഞ്ഞെടുക്കപ്പെട്ട ഒരു കമ്മറ്റി ആ സുന്നഹദോസിന്റെ കാലത്തേക്കുണ്ടായിരിക്കണം.

45. മെത്രാസന കമ്മറ്റിയിൽ മെത്രാപ്പോലീത്തായും, ഖജാൻജിയും, സിക്രട്ടറിയും ൫-ാം വകുപ്പനുസരിച്ചു തിരഞ്ഞെടുക്കപ്പെട്ട എട്ടു പേരും അംഗങ്ങളായിരിക്കണം.

ഛ. പ്രസിഡണ്ട്

46. ഇടവക മെത്രാപ്പോലീത്താ സാധാരണയായി മെത്രാസന സുന്നഹദോസിന്റെയും കമ്മററിയുടെയും പ്രസിഡണ്ടായിരിക്കേണ്ടതാണ്.

ജ. സിക്രട്ടറി

47. കമ്മററി അംഗങ്ങളിൽ ഒരാളെ സുന്നഹദോസ് അതിന്റെയും കമ്മററിയുടെയും സിക്രട്ടറിയായി നിയമിക്കേണ്ടതാണ്. സിക്രട്ടറിയുടെ ഉദ്യോഗകാലം കമ്മററിയുടേതോടുകൂടി അവസാനിക്കുന്നതാണ്.

ഝ. ഖജാൻജി.

48. കമ്മററി അംഗങ്ങളിൽ നിന്നും ഒരാളെ മെത്രാസന സുന്നഹദോസ് ഖജാൻജിയായി തിരഞ്ഞെടുത്തു നിയമിക്കേണ്ടതാണ്. അയാളുടെ ഉദ്യോഗകാലം കമ്മററിയുടേതിനോടുകൂടി അവസാനിക്കുന്നതാണ്.

49. ഖജാൻജി ബഡ്ജററ് അനുസരിച്ചു വരവുചിലവു കണക്കുകൾ ശരിയായി സൂക്ഷിക്കേണ്ടതും മൂന്നുമാസം കഴിയുമ്പോൾ കമ്മററിയെ കണക്കുകൾ കേൾപ്പിച്ചു പാസ്സാക്കേണ്ടതും ആണ്ടവസാനത്തിൽ കമ്മററിക്കാർ കണക്കുകൾ സുന്നഹദോസിനെ ബോദ്ധ്യപ്പെടുത്തി പാസ്സാക്കേണ്ടതുമാകുന്നു.

അദ്ധ്യായം-൭.

ക. മലങ്കര സുന്നഹദോസ്

50. മലങ്കര സുറിയാനിസഭയിൽ ഉൾപ്പെട്ട ഓരോ ഇടവകയിൽ നിന്നും 41-ാമതു വകുപ്പിൽ പറയുന്ന കണക്കനുസരിച്ചു മെത്രാസന ഇടവക സുന്നഹദോസിൽ പ്രാതിനിധ്യം ഉള്ള ധർമ്മസ്ഥാപനങ്ങളിൽനിന്നും മലങ്കരസഭയുടെ പൊതുവായ ധർമ്മസ്ഥാപനങ്ങളിൽ നിന്നും [illegible]-ാം വകുപ്പ് അനുസരിച്ചു തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഇടവക മെത്രാന്മാരും

മലങ്കര സുന്നഹദോസിന്റെ അംഗങ്ങളായിരിക്കുന്നതാണ്.

51. മലങ്കര സുന്നഹദോസിന്റെയും അതിനാൽ നിയമിക്കപ്പെടുന്ന സമിതികളുടെയും കാലാവധി മൂന്നുകൊല്ലമായിരിക്കും.

52. മലങ്കര സുന്നഹദോസിനാൽ തിരഞ്ഞെടുക്കപ്പെടുന്ന മെത്രാപ്പോലീത്താ സാധാരണയായി മലങ്കര സുന്നഹദോസിന്റെയും, പൊതുകമ്മററിയുടെയും നിർവഹണ സമിതിയുടെയും പ്രസിഡണ്ടായിരിക്കുന്നതാണ്.

മലങ്കര പൊതുകമ്മററി

53. മലങ്കരസുന്നഹദോസിനുവേണ്ടി അതിന്റെ ആജ്ഞയനുസരിച്ചു അതിനു കീഴായി സഭാകാര്യങ്ങൾ മലങ്കര പൊതുകമ്മററി നടത്തേണ്ടതാണ്.

54. മലങ്കര പൊതുകമ്മററിയിൽ ഓരോ മെത്രാസന ഇടവകയിൽനിന്നും എട്ടു അയ്മേനികളും, മൂന്നു കശ്ശീശന്മാരും ഒരു മെത്രാസന മലങ്കര ധർമ്മസ്ഥാപന പ്രതിനിധികൾ അഞ്ചിൽ കൂടാതെയും ഇങ്ങനെ ആകെ [illegible] അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്.

55. മലങ്കര പൊതുകമ്മററിയിലേക്കു (അംഗങ്ങളായി) മലങ്കര സുന്നഹദോസും മെത്രാസന ഇടവകകളും ധർമ്മസ്ഥാപനങ്ങളും മുൻപത്തെ വകുപ്പുകളായി തിരിഞ്ഞു പ്രതിനിധികളെ തിരഞ്ഞെടുക്കേണ്ടതാണ്.

56. മലങ്കര പൊതുകമ്മററി ഖജാൻജിയെയും സിക്രട്ടറിയെയും തിരഞ്ഞെടുക്കുക, മലങ്കര നിർവഹണ സമിതിയെ നിയമിക്കുക, അവരുടെ വർഷാന്ത്യ കണക്കുകൾ കേൾക്കുക, ഒരു സ്ഥാപനം മലങ്കര ധർമ്മ സ്ഥാപനമാണോ എന്നു നിശ്ചയിക്കുക മുതലായി മലങ്കര സഭയുടെ പൊതുവായുള്ള എല്ലാ കാര്യങ്ങളും നടത്തേണ്ടതാണ്.

ഗ. മലങ്കര നിർവഹണ സമിതി.

57. മലങ്കര പൊതുകമ്മററിയുടെ കീഴായി അതിന്റെ ആജ്ഞ അനുസരിച്ചു മലങ്കര സഭാകാര്യങ്ങൾ നടത്തുന്നതിനു

[illegible] സെക്രട്ടറി, പൊതുകമ്മറ്റിയാൽ നിശ്ചയിക്കപ്പെട്ട ഖജാൻജിയും ഒരു മെത്രാസനത്തിൽ ഉൾപ്പെട്ട നാല് അയ്മേനികളും ഒരു [illegible] കശ്ശീശന്മാരും ഇങ്ങനെ ഏഴ് അംഗങ്ങളടങ്ങിയ ഒരു മലങ്കര നിർവഹണ സമിതി ഉണ്ടായിരിക്കണം.

58. പൊതു ട്രസ്റ്റികളുടെ കണക്കുകേട്ടു പാസാക്കുക, പൊതു കമ്മറ്റിയെ കണക്ക് ബോധ്യപ്പെടുത്തുക, വർഷാന്തര കണ [illegible] ക്കിന്റെ ചുരുക്കം, മെത്രാസന ഇടവക സിക്രട്ടറി, പള്ളി, ഇടവക സിക്രട്ടറി പ്രാതിനിധ്യമുള്ള എല്ലാ സ്ഥാപനങ്ങളാ [illegible] അയച്ചു കൊടുക്കുക മുതലായവ നിർവഹണ സമിതിയുടെ ജോലിയിൽ ഉൾപ്പെട്ടതായിരിക്കും.

എ. മലങ്കര സിക്രട്ടറി.

59. മലങ്കര സുന്നഹദോസിന്റെ സിക്രട്ടറി മലങ്കര പൊതു കമ്മറ്റിയുടേയും നിർവഹണ സമിതിയുടേയും സിക്രട്ടറിയായിരിക്കുന്നതാണ്.

60. മലങ്കര കമ്മറ്റിയുടെ നിശ്ചയങ്ങളുടെയും നടപടികളുടെയും റിപ്പോർട്ട് അച്ചടിപ്പിച്ച് സിക്രട്ടറി ഒപ്പിട്ട് എല്ലാ ഇടവകകൾക്കും സിക്രട്ടറി തന്നെ അയച്ചു കൊടുക്കേണ്ടതാണ്.

ബി. മലങ്കര ഖജാൻജി.

61. പഞ്ചായത്തു ട്രസ്റ്റികൾ കൈകാര്യം ചെയ്യുന്ന സ്വത്തുക്കൾ ഒഴിച്ച് സമുദായം വക പൊതുസ്വത്തുക്കൾ മലങ്കര പൊതുകമ്മറ്റിയുടേയും നിർവഹണ സമിതിയുടേയും ആജ്ഞ അനുസരിച്ച് സൂക്ഷിച്ചു കൈകാര്യം ചെയ്യുന്നതും വരവു ചെലവു കണക്കുകൾ ക്രമമായി എഴുതി ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും നിർവഹണ സമിതിയെ ബോധ്യപ്പെടുത്തേണ്ടതും ഖജാൻജിയുടെ ചുമതലയാണ്.

സി. പഞ്ചായത്തു ട്രസ്റ്റികൾ.

62. പഞ്ചായത്തു വിധി അനുസരിച്ചുള്ള സ്വത്തുക്കളുടെ കൈകാര്യ കർത്തൃത്വത്തിന് മലങ്കര സുന്നഹദോസ് ഒരു മെത്രാപ്പോലീത്തായെയും ഒരു കശ്ശീശായെയും ഒരു അയ്മേനനെയും ട്രസ്റ്റികളായി തിരഞ്ഞെടുക്കേണ്ടതാണ്.

63. പഞ്ചായത്തു സ്വത്തുക്കൾ പട്ടക്കാരുടെ വിദ്യാഭ്യാസത്തിനായി മലങ്കര പൊതുകമ്മറ്റിയുടേയും നിർവഹണ സമിതിയുടേയും ആജ്ഞ അനുസരിച്ച് വിനിയോഗിക്കേണ്ടതും അതിന് ട്രസ്റ്റികൾ ചുമതലപ്പെട്ടവരും ആകുന്നു.

64. ട്രസ്റ്റികൾ വരവു ചിലവു കണക്കു സൂക്ഷിച്ച് മലങ്കര ഖജാൻജി വഴിയായി നിർവഹണ സമിതിയെ ബോധ്യപ്പെടുത്തേണ്ടതാണ്.

അദ്ധ്യായം ൯.

എ. **ശെമ്മാശന്മാർ.**

65. പതിനെട്ടു വയസ്സു തികയാത്തവർക്കും കുറഞ്ഞപക്ഷം മലയാളം ഒൻപതാം ക്ലാസ്സിലേയോ ഇംഗ്ലീഷ് ൩-ാം ഫാറത്തിലെയോ പരീക്ഷ ജയിക്കാത്തവർക്കും പട്ടത്വത്തിന്റെ ഒരു പടിയിലേക്കും പ്രവേശനം നൽകിക്കൂടാത്തതാകുന്നു.

66. പട്ടത്വസ്ഥാനാർത്ഥികളെ പരീക്ഷിച്ച് തിരഞ്ഞെടുക്കുന്നതിന് (Select) മെത്രാസന ഇടവക കമ്മറ്റി അതിന്റെ കാലത്തേയ്ക്കു രണ്ടു കശ്ശീശന്മാരും മൂന്നു അയ്മേനികളും കൂടിയ ഒരു വൈദിക തിരഞ്ഞെടുപ്പ് കമ്മറ്റിയെ നിയമിക്കേണ്ടതാണ്.

67. ശെമ്മാശു പട്ടസ്ഥാനാർത്ഥികൾ ഇടവക പൊതുയോഗത്തിന്റെ ശുപാർശയോടുകൂടി വൈദികകമ്മറ്റിയോടു അപേക്ഷിക്കേണ്ടതാണ്.

68. വൈദിക തിരഞ്ഞെടുപ്പ് കമ്മറ്റി വേണ്ട അന്വേഷണങ്ങൾ നടത്തിയതിനുശേഷം അപേക്ഷകൻ യോഗ്യനാണെന്നു തൃപ്തിപ്പെടുന്നപക്ഷം അയാൾക്കു ശെമ്മാശുപട്ടംകൊടുക്കുന്നതിനു ഇടവക മെത്രാനോടു അവശ്യപ്പെടേണ്ടതാണ്. ഇടവക മെത്രാൻ അപേക്ഷകനെ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

൨. കശീശന്മാർ, റമ്പാന്മാർ.

69. വേദശാസ്ത്രകാളേജിലെ പഠിത്വം തികച്ച് അവസാന സർട്ടിഫിക്കററു ലഭിക്കാത്ത ഒരു ശെമ്മാശ്ശനും കശ്ശീശാസ്ഥാനമോ റമ്പാൻ സ്ഥാനമോ കൊടുത്തുകൂടാത്തതാകുന്നു.

70. കോളേജ് സർട്ടിഫിക്കററ് ലഭിച്ച ശെമ്മാശ്ശൻ കശ്ശീശാപട്ടത്വത്തിന് ഇടവക പൊതുയോഗത്തിന്റെ ശുപാർശയോടു കൂടി ഇടവക മെത്രാനോടും റമ്പാൻ പട്ടത്വത്തിന് മെത്രാസന സുന്നഹദോസിന്റെ ശുപാർശയോടുകൂടി കതോലിക്കോസിനോടും ആവശ്യപ്പെടേണ്ടതാണ്. ഇടവക മെത്രാനോ, കാതോലിക്കോസിനോ അപേക്ഷകനെ നിരസിക്കുകയോ സ്വീകരിക്കയോ ചെയ്യാവുന്നതാണ്.

൩. മെത്രാന്മാർ.

71. മുപ്പത്തഞ്ച് വയസ്സ് തികയാത്ത ഒരാൾക്കും മെത്രാൻ പട്ടം കൊടുത്തുകൂടാത്തതാകുന്നു.

72. മെത്രാൻ സ്ഥാനാർത്ഥിയെ മെത്രാസന ഇടവക സുന്നഹദോസ് തിരഞ്ഞെടുക്കുകയും മലങ്കര പൊതുക്കമ്മററിയുടെ അംഗീകരണത്തിനു ശേഷം കാതോലിക്കോസ് എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ സഹകരണത്തോടുകൂടി അദ്ദേഹത്തിന് സ്ഥാനം കൊടുക്കുകയും ചെയ്യേണ്ടതാണ്. എപ്പിസ്കോപ്പൽ സുന്നഹദോസിന് മെത്രാൻ സ്ഥാനാർത്ഥിയെ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

൪. കാതോലിക്കോസ്.

73. മലങ്കര സുന്നഹദോസിനാൽ തിരഞ്ഞെടുക്കപ്പെട്ട ആളിനെ എപ്പിസ്കോപ്പൽ സുന്നഹദോസ് കാതോലിക്കോസായി നിയമപ്രകാരം ആരോഹണം ചെയ്യേണ്ടതാണ്.

74. മലങ്കര സഭയുടെ ആത്മീക മേലന്വേഷണം കാതോലിക്കോസിന്റെ ശ്രേഷ്ഠകർമ്മമാണ്. അതിനായി ഇടവക പള്ളികളും മെത്രാസന ഇടവകകളും എല്ലാപൊതുസ്ഥാപനങ്ങളും സന്ദർശിച്ച് യഥാവശ്യം ഗുണദോഷിക്കേണ്ടതാണ്.

൫. പാത്രിയർക്കീസ്.

75. പാത്രിയർക്കീസിന് കാതോലിക്കോസിന്റെ സംസ്ഥാനത്തുള്ള കാനോനികാവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

൬. എപ്പിസ്കോപ്പൽ സുന്നഹദോസ്.

76. മലങ്കര സഭയിൽ പൊതുവായി പുരോഹിതവർഗ്ഗത്തെ പ്രത്യേകം സംബന്ധിക്കുന്ന കാര്യങ്ങൾ ആലോചിക്കുന്നതിനു വേണ്ടി കാതോലിക്കോസിന്റെ ആഭിമുഖ്യത്തിൽ ഒരു എപ്പിസ്കോപ്പൽ സുന്നഹദോസും ഓരോ മെത്രാസന ഇടവകയിലും ടി സംഗതിക്കായി ഇടവക മെത്രാന്റെ ആഭിമുഖ്യത്തിൽ ഒരു വൈദീക സുന്നഹദോസും ഉണ്ടായിരിക്കാവുന്നതാണ്.

അദ്ധ്യായം ൭.

അപ്പീൽ

77. ഇടവക കമ്മററിയുടെ തീർച്ചയിന്മേൽ സങ്കടമുള്ള കക്ഷിയ്ക്കു ഇടവക പൊതുയോഗത്തിലേക്കു അപ്പീൽ ചെയ്യാവുന്നതാണ്.

78. ഏതെങ്കിലും കാര്യത്തിൽ ഇടവക കമ്മററിയുടെ തീർച്ചയെ ഇടവക പൊതുയോഗം സ്ഥിരപ്പെടുത്തുന്നതായാൽ അതു അവസാനതീർച്ചയായിരിക്കുന്നതാണ്. എന്നാൽ കമ്മററിയുടെ തീർച്ചയെ ഇടവക യോഗം അസ്ഥിരപ്പെടുത്തുന്നതായാൽ അങ്ങനെയുള്ള തീർച്ചയിന്മേൽ സങ്കടമുള്ള കക്ഷിയ്ക്കു മെത്രാസന ഇടവക കമ്മററിയിലേക്കു അപ്പീൽ ചെയ്യാവുന്നതും ആ കമ്മററിയുടെ വിധി അവസാന തീർച്ചയായിരിക്കുന്നതുമാകുന്നു.

79. ഇടവക പൊതുയോഗത്തിന്റെ ആദ്യ തീർച്ചയിന്മേൽ സങ്കടമുള്ള കക്ഷിയ്ക്കു മെത്രാസന കമ്മററിയിലേക്കു അപ്പീൽ ചെയ്യാവുന്നതാണ്. ഏതെങ്കിലും കാര്യത്തിൽ ഇട

വക പൊതുയോഗത്തിന്റെ തീർച്ചയെ മെത്രാസന കമ്മററി സ്ഥിരപ്പെടുത്തുകയാണെങ്കിൽ അതു് അവസാന തീർച്ചയായിരിക്കുന്നതും എന്നാൽ ഇടവക യോഗത്തിന്റെ തീർച്ചയെ മെത്രാസന ഇടവക കമ്മററി അസ്ഥിരപ്പെടുത്തുന്നതായാൽ അങ്ങനെയുള്ള വിധിയിന്മേൽ സങ്കടമുള്ള കക്ഷിക്കു മെത്രാസന സുന്നഹദോസിലേക്കു അപ്പീൽ ചെയ്യാവുന്നതും സുന്നഹദോസിന്റെ വിധി അവസാന തീർച്ചയായിരിക്കുന്നതുമാണു്.

80. മെത്രാസന കമ്മററിയുടെ ആദ്യ തീർച്ചയിന്മേൽ സങ്കടമുള്ള കക്ഷിയ്ക്കു മെത്രാസന സുന്നഹദോസിലേക്കു അപ്പീൽ ചെയ്യാവുന്നതാണു്. ഏതെങ്കിലും കാര്യത്തിൽ കമ്മററിയുടെ തീച്ചയെ സുന്നഹദോസു് സ്ഥിരപ്പെടുത്തുന്നതായാൽ അതു് അവസാന തീച്ചയായിരിക്കുന്നതാണു്. എന്നാൽ കമ്മററിയുടെ തീർച്ചയെ സുന്നഹദോസ് അസ്ഥിരപ്പെടുത്തുന്നതായാൽ അങ്ങനെയുള്ള വിധിയിന്മേൽ സങ്കടമുള്ള കക്ഷിക്കു് മലങ്കര പൊതുക്കമ്മററിയിലേക്കു അപ്പീൽ ചെയ്യാവുന്നതും ടി കമ്മററിയുടെ വിധി അവസാന തീർച്ചയായിരിക്കുന്നതുമാകുന്നു.

81. മെത്രാസന സുന്നഹദോസിന്റെ ആദ്യ തീർച്ചയിന്മേൽ മലങ്കര പൊതുകമ്മററിയിലേക്കു സങ്കടമുള്ള കക്ഷിക്കു അപ്പീൽ ചെയ്യാവുന്നതും കമ്മററിയുടെ വിധി അവസാന തീർച്ചയായിരിക്കുന്നതുമാണു്.

കമ്മിറ്റി അംഗങ്ങൾ.

പി. ജി. ജോസഫ്. ബി.എ. [illegible]
" [illegible]
" പി. ടി. [illegible] ബി.എ. [illegible]
" [illegible]
" കെ. [illegible] ബി.എ. [illegible]

